# യോഹന്നാന്റെ ജീവപഠനം

## ദൂത് നാൽപ്പത്
## ജീവന്റെ പ്രാർത്ഥന
## (3)

### B. വിശുദ്ധ വചനത്താലുള്ള വിശുദ്ധീകരണത്തിലൂടെ ത്രിയേകദൈവത്തിൽ

ഈ ദൂതിൽ, ശരിയായ ഒരുമയുടെ രണ്ടാമത്തെ ഘടകത്തിലേക്ക് നാം വരുന്നു. നിത്യജീവനാൽ പിതാവിന്റെ നാമത്തിൽ ആയിരിക്കുക എന്നത്, ആദ്യത്തെ ഘടകവും, വിശുദ്ധ വചനത്താലുള്ള ശുദ്ധീകരണത്തിലൂടെ ത്രിയേകദൈവത്തിൽ ആയിരിക്കുക എന്നത്, രണ്ടാമത്തേതുമാണ്(വാ.14-21). വിശുദ്ധ വചനം വിശുദ്ധീകരിക്കുന്ന വചനമാണ്. വചനത്തിലൂടെ ലോകത്തിൽനിന്നുള്ള വേർപാടാണ് ഒരുമയുടെ രണ്ടാമത്തെ ഘട്ടം അഥവാ രണ്ടാമത്തെ അടിത്തറ. നാം എല്ലാവരും ഒരേ പിതാവിൽനിന്ന് ഒരേ കുടുംബത്തിലേക്ക് ജനിച്ചുവെങ്കിലും, സഹോദരൻമാരിലും സഹോദരിമാരിലും അനേകരും ഭവനത്തിലല്ല, മറിച്ച് ലൗകിക കാര്യങ്ങളായ ഇന്റർനെറ്റിൽ തിരയുന്നതിലേക്കും സിനിമകളിലേക്കും കായിക വിനോദങ്ങളിലേക്കും ചൂതുകളികളിലേക്കുപോലും ആകർഷിക്കപ്പെട്ടിരിക്കുന്നത് വേദനാജനകമാണ്. ഇത്തരം ലൗകിക കാര്യങ്ങളാൽ നാം ആകർഷിക്കപ്പെട്ടിരിക്കുമ്പോൾ, നാം എല്ലാവരും പിതാവിന്റെ മക്കളും ഒരേ ജീവൻ ഉള്ളവരും ആണെങ്കിലും, ശരിയായ ഒരുമ പാലിക്കുവാൻ നമുക്ക് പ്രയാസമായിരിക്കും, കാരണം നാം ഇപ്പോഴും ലോകത്തിലാണ്. നാം അശുദ്ധരും ആണ്. ദൈവമക്കളായി നാം വീണ്ടുംജനിച്ചതിനുശേഷം, കർത്താവിന്റെ വിശുദ്ധവചനത്താൽ ലോകത്തിൽനിന്ന് നാം വേർപെടണം. കർത്താവിന്റെ വചനത്തിന് ലോകത്തിൽനിന്ന് നമ്മെ വേർപെടുത്തുവാനുള്ള ശുദ്ധീകരണശക്തി ഉണ്ട്. വിശുദ്ധവചനം നമ്മെ ലോകത്തിൽനിന്ന് വേർപെടുത്തിയാൽ, ശരിയായ ഒരുമ അനുഭവിച്ചറിയുവാൻ നാം കൂട്ടിച്ചേർക്കപ്പെടും.

## 1. പുത്രൻ തന്റെ വിശ്വാസികൾക്ക് നൽകിയിരിക്കുന്ന രണ്ടു തരത്തിലുള്ള വചനം

"നിന്റെ വചനം അവർക്ക് ഞാൻ നൽകി,"എന്ന് 14-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. കർത്താവ് വിശ്വാസികൾക്ക് രണ്ടു തരത്തിലുള്ള വചനം നൽകിയിട്ടുണ്ട്: സ്ഥിരവചനമായ ലോഗോസും(വാ.14,17) തൽസമയ വചനമായ റീമയും(വാ.8). രണ്ടുതരത്തിലുള്ള വചനവും വിശുദ്ധവും ലോകത്തിൽനിന്ന് വിശ്വാസികളെ വേർപെടുത്തുവാനുള്ള ശുദ്ധീകരണശക്തി ഉള്ളതുമാണ്. കർത്താവിന്റെ സ്ഥിരവചനമോ തൽസമയവചനമോ നാം സ്വീകരിക്കുന്തോറും, നാം ശുദ്ധീകരിക്കപ്പെടുന്നു. നാം പോഷണം പ്രാപിക്കുകയും സാന്ദ്രീകരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്തോറും, നാം വിശുദ്ധരായിത്തീരുന്നു. വിശുദ്ധിയിൽ പങ്കുള്ളവരാകുന്തോറും നാം ശരിയായ ഒരുമയിൽ ആണ്.

## 2. ലോകം

സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു എന്ന് 1 യോഹന്നാൻ 5:19 പറയുന്നു. ദുഷ്ടനായവൻ പിശാചും, ലോകം പിശാചായ സാത്താൻ ചിട്ടയോടുകൂടി ക്രമീകരിച്ച് ഭരിക്കുന്നതുമായ ഒരു പൈശാചിക വ്യവസ്ഥയും ആണ്(യോഹ.12:31). ഭൂമിയിലെ സകല കാര്യങ്ങളും, പ്രത്യേകിച്ച് മനുഷ്യരാശിയുമായി ബന്ധപ്പെട്ടതും, വായുവിലെ കാര്യങ്ങളും, അവന്റെ അന്ധകാരത്തിന്റെ രാജ്യത്തിലേക്ക് ജനത്തെ സ്വന്തമാക്കുവാൻ, അവരെ ദൈവത്തിന്റെ ആസ്വാദനത്തിൽനിന്നു വ്യതിചലിപ്പിക്കുവാനും ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിൽനിന്ന് അവരെ തടസ്സപ്പെടുത്തുവാനും സാത്താൻ ക്രമീകരിച്ചിരിക്കുന്നു. ലോകത്തിന്റെ എല്ലാ വശവും, അത് എന്തുതന്നെ ആയാലും, സാത്താന്യവ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. മുഴുവൻ ലോകവും ദുഷ്ടനായവനിൽ കിടക്കുന്നതുകൊണ്ട് വിശ്വാസികൾ ദുഷ്ടനായവനിൽനിന്ന് കാക്കപ്പെടേണ്ടതിനും(വാ.15), ദുഷ്ടനായവനിൽ നിന്ന് വിടുവിക്കപ്പെടേണ്ടതിനും പ്രാർത്ഥിക്കണം(മത്താ.6:13).

## 3. വിശ്വാസികൾ ലോകത്തോടൊപ്പം

വിശ്വാസികൾ ലോകത്തിനുള്ളവരല്ല(വാ.14,16), പിന്നെയോ ലോകത്തിൽനിന്നു വേർപെട്ടവരാണ്(വാ.18). അവരെ ലോകത്തിൽനിന്ന് എടുത്തിട്ടില്ല(വാ.15), എന്നാൽ കർത്താവിന്റെ ദൗത്യം നിമിത്തം ലോകത്തിലേക്ക് അവരെ അയച്ചിരിക്കുന്നു(വാ.18). 18-ാം വാക്യം ഇങ്ങനെ പറയുന്നു,"നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ, ഞാൻ അവരെയും ലോകത്തിലേക്ക് അയച്ചിരിക്കുന്നു." പുത്രന് ജീവനും സകലവും ആയി പിതാവും തന്നോടൊപ്പം പുത്രനെ ലോകത്തിലേക്ക് അയച്ചു. അതേ മാർഗ്ഗത്തിൽ സ്വയം അവരുടെ ജീവനും സകലവും ആയി പുത്രൻ തന്റെ വിശ്വാസികളെ ലോകത്തിലേക്ക് അയയ്ക്കുന്നു. പിതാവ് പുത്രനെ അയച്ച അതേ മാർഗ്ഗത്തിൽ പുത്രൻ

വിശ്വാസികളായ നമ്മെ അയയ്ക്കുന്നു. ഈ രാജ്യത്ത് ഞാൻ വന്നപ്പോൾ, കർത്താവ് എന്നെ അയച്ചു എന്ന് എന്റെ ഉള്ളിൽ ആഴമേറിയ ബോധം ഉണ്ടായിരുന്നു; എനിക്ക് അവനോട്,"കർത്താവേ, ഈ രാജ്യത്തേക്ക് നീ എന്നെ അയച്ചു. നീ എന്നെ അയച്ചതുകൊണ്ട്, നീ എന്നോടൊപ്പം വരണം. കർത്താവേ, നീ പോകുന്നില്ലെങ്കിൽ ഞാനും പോകുന്നില്ല" എന്ന് പറയുവാൻ കഴിഞ്ഞു. കർത്താവ് അവന്റെ സാക്ഷ്യത്തിനായി നമ്മെ ലോകത്തിലേക്ക് അയയ്ക്കുന്നത് ഈ രീതിയിലാണ്.

### *4. വചനങ്ങൾ സത്യമാണ്*

"സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ; നിന്റെ വചനം സത്യമാണ്,"എന്ന് 17-ാം വാക്യത്തിൽ കർത്താവ് പ്രാർത്ഥിച്ചു. പിതാവിന്റെ വചനം പിതാവിന്റെ യാഥാർത്ഥ്യം വഹിക്കുന്നു."ദൈവം വെളിച്ചം ആകുന്നു,"എന്ന് വചനം പറയുമ്പോൾ, അത് വെളിച്ചമായി ദൈവത്തെ ഉൾക്കൊള്ളുന്നു. അതുകൊണ്ട്, അത് യാഥാർത്ഥ്യമാണ്, സത്യമാണ്, ഇത് സാത്താന്റെ വാക്കുപോലെ അല്ല; അത് വ്യർത്ഥം, അത് ഭോഷ്ക് ആണ്(8:44). വചനം, സത്യമായതുകൊണ്ട് വിശ്വാസികളെ വിശുദ്ധീകരിക്കുന്നതിനായി, യാഥാർത്ഥ്യമായി അവരിൽ പ്രവർത്തിക്കുന്നു.

ദൈവത്തിന്റെ ജീവനുള്ള വചനം ലോകത്തിൽനിന്നും അതിന്റെ വ്യാപാരത്തിൽനിന്നും വിശ്വാസികളെ സ്ഥാനീയമായി(മത്താ.23:12,19) മാത്രമല്ല, സ്വഭാവപരമായും(റോമ.6:19,22) വേർപെടുത്തുവാൻ, ദൈവത്തിലേക്കും അവന്റെ ഉദ്ദേശ്യത്തിലേക്കും കൊണ്ടുവരുവാൻ, ലോകപരമായ സകലത്തിൽനിന്നും വേർപെടുത്തിക്കൊണ്ട് അവരിൽ പ്രവർത്തിക്കുന്നു. സത്യത്താൽ, യാഥാർത്ഥ്യത്താൽ, കർത്താവിന്റെ വചനത്താൽ, വിശുദ്ധീകരിക്കപ്പെടുക എന്നതിന്റെ അർത്ഥം ഇതാണ്. ഈ വിശുദ്ധീകരണം നമുക്ക് സ്ഥാനീയമായി മാത്രമല്ല, നമ്മുടെ സഹജ സ്വഭാവത്തിനും അകമേയുള്ള ആളത്തത്തിനും മാറ്റം വരുത്തുന്നു. വേദപുസ്തകത്തിൽ, വിശുദ്ധീകരണത്തിന്, ഈ രണ്ടു വശവും ഉണ്ട്-സ്ഥാനീയമായ വശവും സ്വഭാവപരമായ വശവും. മത്തായി 23:17-ൽ, മന്ദിരത്തിലേക്ക് കൊണ്ടുവരുന്നതിലൂടെ സ്വർണ്ണം വിശുദ്ധീകരിക്കപ്പെടുന്നു എന്നു നാം കാണുന്നു. സ്വർണ്ണം ചന്തസ്ഥലത്ത് ആയിരിക്കുമ്പോൾ, അത് സാധാരണവും അശുദ്ധവുമാണ്, എന്നാൽ അത് മന്ദിരത്തിലേക്ക് കൊണ്ടുവരുമ്പോൾ, അതിന്റെ സ്ഥാനം മാറുകയും അത് പെട്ടെന്നുതന്നെ വിശുദ്ധീകരിക്കപ്പെട്ട് വിശുദ്ധമന്ദിരത്തിലെ വിശുദ്ധസ്വർണ്ണമായിത്തീരുകയും ചെയ്യുന്നു. എന്നാൽ ഇത്തരത്തിലുള്ള വിശുദ്ധീകരണം സ്വർണ്ണത്തിന്റെ സ്ഥാനത്തിനു മാത്രമേ മാറ്റംവരുത്തുന്നുള്ളൂ. അതുകൊണ്ട്, സ്വർണ്ണം സ്ഥാനീയമായി വിശുദ്ധീകരിക്കപ്പെടുന്നു. ചില ക്രിസ്ത്യാനികൾ വിശുദ്ധീകരണത്തെ സംബന്ധിച്ച് ഇത്ര മാത്രമേ കാണുന്നുള്ളൂ; സ്വഭാവപരമായ വിശുദ്ധീകരണത്തിന്റെ കാര്യം അവർ കാണുന്നില്ല. 1 തെസ്സലോനിക്യർ

5:23 ഇങ്ങനെ പറയുന്നു. "സമാധാനത്തിന്റെ ദൈവംതന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ." നമ്മുടെ ആത്മാവും ദേഹിയും ശരീരവും ശുദ്ധീകരിക്കപ്പെടണം എന്ന് ഇവിടെ നമ്മോട് പറയുന്നു. ഇത് സ്ഥാനീയമായ വിശുദ്ധീകരണത്തെയല്ല, മറിച്ച് സ്വഭാവപരമായ വിശുദ്ധീകരണത്തെ സൂചിപ്പിക്കുന്നു. യോഹന്നാൻ 17-ൽ പറഞ്ഞിരിക്കുന്ന വിശുദ്ധീകരണം രണ്ടു വശത്തെയും സൂചിപ്പിക്കുന്നു. ഇത് ശരിയായ ഒരുമ കാത്തു സൂക്ഷിക്കുവാനായി നാം സ്ഥാനീയമായും സ്വഭാവപരമായും വിശുദ്ധീകരണം പ്രാപിക്കണം എന്നതാണ്.

### *5. പുത്രൻ തന്നെത്താൻ വിശുദ്ധീകരിക്കുന്നു*

"അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന് ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു," എന്ന് 19-ാം വാക്യം പറയുന്നു. പുത്രൻ അവനിൽതന്നെ തികച്ചും പരിശുദ്ധനായിരുന്നിട്ടും, തന്റെ ശിഷ്യന്മാർക്കുവേണ്ടി വിശുദ്ധീകരണത്തിന് ഒരു ദൃഷ്ടാന്തമാകേണ്ടതിന് അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ തന്റെ ജീവിതരീതിയിൽ അവൻ തന്നെത്താൻ വിശുദ്ധീകരിച്ചു. ശമര്യക്കാരി സ്ത്രീയെ അവൻ കണ്ടുമുട്ടിയ രീതി പരിഗണിക്കുക(4:5-7). കർത്താവ് അവളെ കണ്ടുമുട്ടിയത് രാത്രി ഒരു സ്വകാര്യമുറിയിൽ വച്ചല്ല, പിന്നെയോ പകൽസമയത്ത് ഒരു തുറന്ന സ്ഥലത്തുവച്ചായിരുന്നു. കർത്താവിനെത്തന്നെ സംബന്ധിച്ചിടത്തോളം, അവന് അസാൻമാർഗ്ഗിക വ്യക്തിയായ, ശമര്യക്കാരി സ്ത്രീയുമായി ഏതു സ്ഥലത്തും ഏതു സമയത്തും കണ്ടുമുട്ടാമായിരുന്നു. എന്നാൽ മുപ്പത് വയസ്സിന് അല്പം മേൽ പ്രായമുള്ള ഒരു മനുഷ്യൻ എന്ന നിലയിൽ, രാത്രിയിൽ അവളുടെ വീട്ടിൽ സ്വകാര്യമായി അവളെ കണ്ടുമുട്ടിയിരുന്നുവെങ്കിൽ, അവന്റെ ശിഷ്യന്മാർക്ക് അത് ഒരു നല്ല മാതൃക ആകുമായിരുന്നില്ല. അങ്ങനെ അവൻ അത് ചെയ്തിരുന്നുവെങ്കിൽ, ശിഷ്യന്മാർ ചിന്താക്കുഴപ്പത്തിൽ ആകുമായിരുന്നു. എന്നാൽ അവന്റെ ശിഷ്യന്മാർക്ക് ഒരു നല്ല മാതൃക നൽകുവാനായി, ശുദ്ധമായ ഒരു മാർഗ്ഗത്തിൽ അവൻ പെരുമാറി. ഈ ഒരു മാതൃക, അവന്റെ ശിഷ്യന്മാർക്ക് ഭാവിയിൽ ഒരു വലിയ സഹായമായിരുന്നു. ഒരു യുവ സുവിശേഷകൻ ഒരു സ്ത്രീയെ സ്വകാര്യമായി രാത്രിയിൽ സന്ധിക്കുന്നത് ശരിയല്ല. കാരണം അവിടെ അത്യധികം പ്രലോഭനമുണ്ട്. അത്തരത്തിൽ ഒരു കാര്യം ചെയ്യുന്നത് വിശുദ്ധമല്ല; അത് ലൗകികമാണ്. കർത്താവായ യേശുവിന്റെ ദൃഷ്ടാന്തം നോക്കുക; ഒരു മുതിർന്ന, മാന്യവ്യക്തിയായ നിക്കോദേമോസ്സുമായി അർദ്ധരാത്രിയിൽ ഒരു സ്വകാര്യഭവനത്തിൽവച്ച് അവൻ സംസാരിച്ചു(3:1-2). എന്നാൽ അസാൻമാർഗ്ഗിയായ ശമര്യക്കാരി സ്ത്രീയുമായി പകൽസമയം തുറസ്സായ അന്തരീക്ഷത്തിൽ അവൻ

സംസാരിച്ചു. ഇങ്ങനെ പ്രവർത്തിക്കുന്നതിൽ കർത്താവ് തന്നെത്താൻ വിശുദ്ധീകരിക്കുകയും, അവന്റെ ശിഷ്യന്മാർക്ക് പിൻതുടരുവാൻ ഒരു മാതൃക സ്ഥാപിക്കുകയും ചെയ്തു.

### *6. ത്രിയേകദൈവത്തിൽ ഒന്ന്*

"നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ,"എന്ന് 21-ാം വാക്യം പറയുന്നു. ഈ വാക്യത്തിലെ, 'നമ്മിൽ'എന്ന വാക്ക് ത്രിയേകദൈവത്തെ സൂചിപ്പിക്കുന്നു. എല്ലാ വിശ്വാസികളും ത്രിയേകദൈവത്തിൽ ഒന്നാണ്. ത്രിയേകദൈവത്തിൽ ഒന്നായിരിക്കുവാൻ, നാം വിശുദ്ധ വചനത്താൽ വിശുദ്ധീകരിക്കപ്പെടണം. നാം വിശുദ്ധീകരണം പ്രാപിക്കുകയും വിശുദ്ധ വചനത്താൽ ലോകത്തിൽനിന്നു വേർപെടുകയും ചെയ്തതിനുശേഷം ത്രിയേക ദൈവത്തെ ആസ്വദിക്കുകയും അവനിൽ ഒന്നായിരിക്കുകയും ചെയ്യണം. ത്രിയേകദൈവത്തിൽ ആയിരിക്കുന്നതിനായി നാം ആദ്യമേതന്നെ കടൽതീരം, സിനിമാ തീയറ്റർ, ഫുട്ബോൾ സ്റ്റേഡിയം, ചൂതുകളി സ്ഥലം എന്നിവയിൽനിന്നും മറ്റ് എല്ലാ ലൗകിക സ്ഥലങ്ങളിൽനിന്നും വേർപെടുകയും ത്രിയേകദൈവത്തിനായി വേർതിരിക്കപ്പെടുകയും വേണം. അനേക ക്രിസ്ത്യാനികൾ ഇപ്പോഴും ദൈവത്തിനായി വേർതിരിക്കപ്പെട്ടിട്ടില്ല. ഇപ്പോഴും ലൗകികസ്ഥലങ്ങളിൽ ആയതുകൊണ്ട്, അവർക്ക് എങ്ങനെ ഒന്നായിരിക്കുവാൻ കഴിയും? നിങ്ങൾ ജീവനിലുള്ള ഒരു സഹോദരൻ ആണ് എങ്കിലും, എവിടെയാണ് നിങ്ങൾ? നിങ്ങൾ എല്ലാ ലൗകിക വിനോദങ്ങളിൽനിന്നും ദൈവത്തിനായി വിശുദ്ധീകരിക്കപ്പെടണം. ത്രിയേകദൈവത്തിൽ, അതായത്, പിതാവിൽ, ആത്മാവായ പുത്രനിലൂടെ, നാം ഒന്നായിത്തീരും.

വിശ്വാസികളുടെ ഒരുമയുടെ രണ്ടാമത്തെവശം, വിശുദ്ധവചനത്താലുള്ള വിശുദ്ധീകരണം മുഖാന്തരമുള്ള ത്രിയേകദൈവത്തിലെ ഒരുമ ആണ്. ഒരുമയുടെ ഈ വശത്ത്, ലോകത്തിൽനിന്നും ദൈവത്തിലേക്ക് വേർതിരിക്കപ്പെട്ടിരിക്കുന്ന വിശ്വാസികൾ, തങ്ങളുടെ ഒരുമയുടെ ഘടകമായ ത്രിയേകദൈവത്തെ ആസ്വദിക്കുന്നു. ഈ ഒരുമ നിലനിർത്തുന്നതിനായി നാം ആദ്യം ദിവ്യജീവന്റെ യഥാർത്ഥ്യത്തെയും പിന്നീട് വിശുദ്ധവചനത്താലുള്ള വിശുദ്ധീകരണത്തെയും ശ്രദ്ധിക്കണം. വിശുദ്ധവചനം നമ്മെ ലോകത്തിൽനിന്ന് വേർതിരിക്കുകയും നമ്മെ പിതാവിലേക്കും പിതാവിന്റെ ഭവനത്തിലേക്കും മടക്കിവരുത്തുകയും ചെയ്യുന്നു. കഴിഞ്ഞ വർഷങ്ങളിൽ അനേക സഹോദരന്മാർ ലോകത്താൽ ആകർഷിക്കപ്പെട്ടെങ്കിലും, വിശുദ്ധവചനം മുഖാന്തരം അവരിൽ പലരും, സഭാ ജീവിതത്തിലേക്ക് പ്രത്യുദ്ധരിക്കപ്പെ

ട്ടതിനായി നാം കർത്താവിന് നന്ദി പറയുന്നു. സഭയുടെ ശരിയായ കെട്ടുപണിയിൽ പരിണമിക്കുന്ന ശരിയായ ഒരുമ ഉണ്ടായിരിക്കുന്നതിന് ദിവ്യജീവനും ദിവ്യവചനവും, രണ്ടും, ആവശ്യമാണ്.

## C. ത്രിയേകദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടി ദിവ്യതേജസ്സിൽ

ഇപ്പോൾ നാം ശരിയായ ഒരുമയുടെ മൂന്നാമത്തെ ഘടകത്തിലേക്ക് വരുന്നു: ത്രിയേകദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടി ദിവ്യതേജസ്സിലേക്ക്(വാ.22-24). നാം കണ്ടതുപോലെ, ഒരുമയുടെ ആദ്യത്തെ അടിത്തറ പിതാവിന്റെ ജീവൻ സ്വീകരിച്ചുകൊണ്ടുള്ള വീണ്ടും ജനനവും, രണ്ടാമത്തെ അടിത്തറ ദൈവമല്ലാത്ത എല്ലാ കാര്യങ്ങളിൽ നിന്നും വേർപെട്ടിട്ടുള്ള വിശുദ്ധീകരണവും ആണ്. ലോകം എന്നത് ദൈവത്തിന് പുറത്തുള്ള സകല കാര്യവുമാണ്. ദൈവത്തിന് പുറത്തുള്ള സകല കാര്യങ്ങളിൽനിന്നും ദൈവത്തിലേക്കുതന്നെ വേർതിരിക്കപ്പെടുമ്പോൾ സകല ലൗകിക സ്ഥലങ്ങളിൽ നിന്നും ലൗകിക കാര്യങ്ങളിൽ നിന്നും ഒരേ കേന്ദ്രത്തിലേക്ക് വേർപെട്ട് നാം വിശുദ്ധീകരണത്തിന്റെ അടിത്തറയിൽ ആണ്. പിതാവ്, ആത്മാവായി പുത്രനിൽ ഉള്ള ത്രിയേകദൈവമാണ് ഈ ഒരേ കേന്ദ്രം. ഈ കേന്ദ്രത്തിലേക്കാണ് നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നതും ഇവിടെയാണ് ഒരുമയുള്ളതും. ഒരുമയുടെ മൂന്നാമത്തെ അടിത്തറ കൂടുതൽ ആഴമുള്ളതും ഇതിനെക്കാൾ ഉന്നതവും ആണ്. ഇത് ദിവ്യമഹത്വത്തിന്റെ പ്രത്യക്ഷതയിലുള്ള ഒരുമയാണ്. നാം വീണ്ടുംജനിച്ചതിനു ശേഷം ലോകത്തെ ഉപേക്ഷിക്കുന്നതിലൂടെ നാം വിശുദ്ധീകരിക്കപ്പെടുകയും ലോകത്തിൽനിന്ന് വേർപെട്ടതിനുശേഷം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വസിക്കുന്നതിനാൽ(കൊലൊ.1:27)നമ്മെത്തന്നെ ത്യജിക്കുന്നതിലൂടെ നാം ജീവിക്കുകയും വേണം.

### *1. മഹത്വം*

"നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു, നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്ക് കൊടുത്തിരിക്കുന്നു," എന്ന് 22-ാം വാക്യം പറയുന്നു. പിതാവ് പുത്രന് കൊടുത്ത മഹത്വം എന്താണ്? ഇത് പിതാവിനെ അവന്റെ സമ്പൂർണ്ണതയിൽ ആവിഷ്കരിക്കുന്നതിനായുള്ള(1:18;14:9; കൊലൊ.2:9; എബ്രാ.1:3) പിതാവിന്റെ ജീവനും ദിവ്യസ്വഭാവത്തോടും കൂടിയ പുത്രത്വവുമാണ്(5:26). കർത്താവായ യേശുവിന് ദൈവത്തിന്റെ ജീവനും സ്വഭാവവും ഉണ്ട്. അത് അവനെ ദൈവപുത്രനും ദൈവത്തിന്റെ പ്രത്യക്ഷതയും ആക്കുന്നു. അതുകൊണ്ട്, പുത്രനെ ദൈവത്തിന്റെ ആവിഷ്കാരവും പ്രത്യക്ഷതയും ആക്കുന്ന ദൈവത്തിന്റെ ജീവനും സ്വഭാവവുമാണ് ദൈവം പുത്രനു കൊടുത്ത മഹത്വം. പിതാവിനെ അവന്റെ സമ്പൂർണ്ണതയിൽ പുത്രൻ ആവിഷ്കരിക്കത്തക്കവണ്ണം പിതാവിന്റെ ജീവനും സ്വഭാവവും

പുത്രനു നൽകപ്പെട്ടു. അമേരിക്കയുടെ പ്രസിഡണ്ട് തന്റെ പ്രതിനിധിയായി നമ്മെ സന്ദർശിക്കുവാൻ തന്റെ പുത്രനെ നിയോഗിച്ചു എന്നു കരുതുക. പ്രസിഡണ്ടിന്റെ മകൻ എത്തിച്ചേരുമ്പോൾ അവനോടൊപ്പം ഒരു നിശ്ചിത അളവ് മഹത്വം, അമേരിക്കയുടെ പ്രസിഡണ്ടായ, അവന്റെ പിതാവിനെ പ്രതിനിധാനം ചെയ്യുന്ന മഹത്വം, ഉണ്ടായിരിക്കും.

പിതാവിനെ പുത്രനിൽ അവന്റെ സമ്പൂർണ്ണതയിൽ(യോഹ.1:16) ആവിഷ്കരിക്കുന്നതിന്, പിതാവിന്റെ ജീവനും ദിവ്യസ്വഭാവവുമുള്ള പുത്രത്വം തന്റെ വിശ്വാസികൾക്കും ഉണ്ടാകേണ്ടതിന്, പിതാവ് പുത്രനു നൽകിയ അതേ മഹത്വം പുത്രൻ അവർക്ക് നൽകിയിരിക്കുന്നു(യോഹ.17:2; 2 പത്രൊസ് 1:4). ആദ്യം പുത്രനു നൽകപ്പെട്ട മഹത്വം ഇപ്പോൾ സംഘാത പുത്രത്വത്തിന് നൽകിയിരിക്കുന്നു. അനേക പുത്രന്മാർ എന്ന നിലയിൽ പുത്രനിൽ അവന്റെ എല്ലാ നിറവോടുംകൂടെ പിതാവിനെ ആവിഷ്കരിക്കുവാൻ നമുക്ക് ദിവ്യജീവനും പ്രകൃതവും ഉള്ള ദിവ്യപുത്രത്വം ഉണ്ട്. ഇത് എത്ര വലിയ മഹത്വമാണ്!

പല ക്രിസ്ത്യാനികൾക്കും മഹത്വത്തെ സംബന്ധിച്ച് അർത്ഥശൂന്യമായ കാല്പനികമായ ഒരു ധാരണയാണുള്ളത്; അത് ഒരിക്കൽ നാം പ്രവേശിക്കുവാനിരിക്കുന്ന ഒരു വിഷയനിഷ്ഠമായ ശോഭ അല്ലെങ്കിൽ വായുവിലെ ഒരു പ്രകാശവലയം ആകുന്നുവെന്ന് അവർ ചിന്തിക്കുന്നു. ഈ ചിന്താഗതി അനുസരിച്ച്, ആ പ്രകാശവലയത്തിലേക്ക് നമ്മെ കൊണ്ടുവരുമ്പോൾ, നാം മഹത്വത്തിലേക്ക് നടത്തപ്പെടുന്നു. ഇത് വെറുമൊരു സ്വപ്നമാണ്. എന്താണ് മഹത്വം? പലപ്പോഴും നാം ഒരു നല്ല കൂടിവരവിൽ ആയിരിക്കുമ്പോൾ, ഈ മഹത്വത്തിലാണ് നാം എന്ന അനുഭവം നമുക്ക് ഉണ്ട്.

ദിവ്യമഹത്വത്തിൽ നാം ഒന്നായിരിക്കണമെങ്കിൽ, നാം നമ്മെത്തന്നെ ഉപേക്ഷിക്കുകയും മറക്കുകയും ചെയ്യണം. അത് ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്നായിരിക്കണം(ഗലാ.2:20). ക്രിസ്തു നമ്മിൽ ജീവിക്കുന്നതിന് "ഞാൻ" എന്നത് ക്രൂശിക്കപ്പെടുകയും സ്വയം ത്യജിക്കപ്പെടുകയും ചെയ്യണം. നാം ലോകത്തെ മാത്രമല്ല, നമ്മെത്തന്നെയും ത്യജിക്കണം. ഒരു വശത്ത്, നാം പല ലൗകിക സ്ഥലങ്ങളിൽനിന്നും ലൗകിക കാര്യങ്ങളിൽനിന്നും വിശുദ്ധീകരിക്കപ്പെട്ട് പിതാവിന്റെ ഭവനത്തിലേക്ക് വന്നു. മറുവശത്ത്, നമുക്ക് ഓരോരുത്തനും തന്റേതായ അഭിപ്രായങ്ങളും ചിന്താഗതികളും ആശയങ്ങളും ഉണ്ട്. ഇതാണ് സാഹചര്യമെങ്കിൽ, നമുക്ക് എങ്ങനെ ഒന്നാകുവാൻ കഴിയും? ഒരിക്കൽ നാം വിവിധ ലൗകിക സ്ഥലങ്ങളിലേക്ക് വേർപെട്ടുപോയിരുന്നു, എന്നാൽ ഇപ്പോൾ ഭവനത്തിലേക്ക് വന്നിട്ടും, ഇപ്പോഴും നമ്മിൽ സ്വയത്തിന്റെ പ്രശ്നമുണ്ട്. ഇതുമൂലം നാം നമ്മുടെ സ്വന്തജീവനാലല്ല, ദിവ്യജീവനായ

മഹത്വത്തിന്റെ ജീവനാൽ ജീവിക്കണം. നാം വീണ്ടുംജനിച്ചതിനു ശേഷം, വിശുദ്ധീകരിക്കപ്പെടുകയും, വിശുദ്ധീകരിക്കപ്പെട്ടതിനു ശേഷം തേജസ്കരിക്കപ്പെടുകയും വേണം. അതായത്, നമുക്ക് ദൈവത്തിന്റെ ജീവൻ ലഭിച്ചതിനുശേഷം, നാം ലോകത്തെ ഉപേക്ഷിക്കുകയും ലോകത്തെ ഉപേക്ഷിച്ചതിനുശേഷം, നാം നമ്മെത്തന്നെ ത്യജിക്കുകയും ദിവ്യജീവനാൽ ജീവിക്കുകയും ചെയ്യണം. പിന്നീട് ഈ ജീവന്റെ മഹത്വത്തിൽ നാം ഒന്നായിരിക്കും. അതുകൊണ്ട്, വീണ്ടുംജനനം, ശുദ്ധീകരണം, തേജസ്കരണം എന്നിവ വിശ്വാസികളുടെ ഒരുമയുടെ മൂന്ന് അടിത്തറകൾ അഥവാ പടികൾ ആണ്. വീണ്ടുംജനനത്തിലൂടെ ദൈവം നമ്മുടെ പിതാവായതാണ് ഒന്നാമത്തെ പടി; വിശുദ്ധവചനത്തിലൂടെ ലോകത്തിൽനിന്നു വേർതിരിഞ്ഞ് ത്രിയേകദൈവത്തിലേക്ക് വരുന്നതാണ് രണ്ടാമത്തെ പടി; നമ്മെത്തന്നെ ത്യജിക്കുന്നതിലൂടെ മഹത്വത്തിന്റെ ദിവ്യജീവനാൽ ജീവിക്കുന്നതാണ് മൂന്നാമത്തെ പടി. ദിവ്യജീവൻ പ്രയോഗിക്കുന്നതിനാലും ഗ്രഹിക്കുന്നതിനാലും മാത്രമേ നാം എല്ലാവരും ഒന്നായിരിക്കുകയുള്ളൂ.

### *2. പുത്രൻ തന്റെ വിശ്വാസികൾക്ക് നൽകിയിരിക്കുന്ന മൂന്നു കാര്യങ്ങൾ*

വിശ്വാസികൾ ഈ ഒരുമയിൽ പങ്കാളികളാകുവാൻ പുത്രൻ അവർക്ക് മൂന്നു കാര്യങ്ങൾ നല്കിയിരിക്കുന്നു: ഒരുമയുടെ ഒന്നാമത്തെ വശത്തിനുവേണ്ടി നിത്യജീവനും(വാ.2), ഒരുമയുടെ രണ്ടാമത്തെ വശത്തിനുവേണ്ടി വിശുദ്ധവചനവും(വാ.8,14), ഒരുമയുടെ മൂന്നാമത്തെ വശത്തിനുവേണ്ടി ദിവ്യമഹത്വവും(വാ.22). നമുക്ക് ദിവ്യജീവൻ ഉണ്ടായിരിക്കുകയും, വിശുദ്ധവചനത്തിലൂടെ ലോകത്തിൽനിന്ന് നാം വേർപെട്ടിരിക്കുകയും, എന്നാലും ദൈവത്തിന്റെ മഹത്വംകൊണ്ട് ശോഭിക്കാതിരിക്കുകയും ചെയ്തേക്കാം. പിതാവായ ദൈവത്തെ അവന്റെ സകല സമ്പൂർണ്ണതയോടുംകൂടെ ആവിഷ്കരിക്കുവാൻ പുത്രത്വത്തോടുകൂടെ നമുക്ക് ദിവ്യജീവനും ദിവ്യസ്വഭാവവും ഉണ്ടെന്ന് ബോധ്യമാകുമ്പോൾ നാം മഹത്വത്തോടെ ശോഭിക്കും. അങ്ങനെയുള്ള സമയത്ത് നമ്മുടെ ഒരുമ നിത്യജീവനിലും വിശുദ്ധവചനത്തിലും മാത്രമല്ല, ദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടി ദിവ്യമഹത്വത്തോടുകൂടെയും ആയിരിക്കും. ഇപ്പോൾ നമ്മുടെ ഒരുമയ്ക്ക് ഈ ദുഷിച്ചുപോയ ഭൂമിയിലെ ഈ ഇരുണ്ട യുഗത്തിൽപോലും പിതാവായ ദൈവത്തെ അവന്റെ സകല സമ്പൂർണ്ണതയിലും ആവിഷ്കരിക്കുക എന്ന ലക്ഷ്യമുണ്ടെന്ന് നാം കാണുന്നു. ചിലപ്പോൾ സ്ഥലംസഭകളിൽ ഈ മഹത്വീകരണം നാം അനുഭവിച്ചിട്ടുണ്ട്. പിതാവിനെ അവന്റെ സകല സമ്പൂർണ്ണതയിലും ആവിഷ്കരിച്ചുകൊണ്ട് നാം അവന്റെ വിശുദ്ധ മഹത്വത്തിൽ, ദിവ്യമഹത്വത്തിൽ ആയിരുന്നു. യോഹന്നാൻ 17-ലെ കർത്താവിന്റെ പ്രാർത്ഥന നാം വായിക്കുമ്പോൾ ദൈവത്തിന്റെ

ആവിഷ്കാരത്തിനുവേണ്ടി അവന്റെ ജീവനാലും അവന്റെ വചനത്താലും ദിവ്യമഹത്വത്താലുമാണ് ശരിയായ ഒരുമ എന്ന് നാം കാണേണ്ടത് ആവശ്യമാണ്.

### 3. ഐക്യത്തിൽ തികഞ്ഞവർ

"നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിയുവാൻ. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നേ," എന്ന് 23-ാം വാക്യത്തിൽ കർത്താവ് പറയുന്നു. എങ്ങനെ നമുക്ക് ഐക്യത്തിൽ തികഞ്ഞവരായിരിക്കുവാൻ കഴിയും? ദിവ്യജീവന്റെ മഹത്വത്തിൽ മാത്രം. ദിവ്യജീവന്റെ മഹത്വത്തിൽതന്നെ പൂർണ്ണമായും തികഞ്ഞവരാകുന്നതിന് നാം ഈ മഹത്വപൂർണ്ണമായ ദിവ്യജീവനാൽ ജീവിക്കണം. നമ്മെത്തന്നെ ത്യജിക്കുന്നതിലൂടെ ഐക്യത്തിൽ തികഞ്ഞവരാകുന്നതിന് ഒരു അളവുവരെ ദിവ്യജീവൻ നമുക്ക് അനുഭവമാക്കുവാൻ കഴിയും. സഭാജീവിതത്തിലുള്ള സഹോദരന്മാർ ഒരു ദിവസം പരസ്പരം വാദിക്കുകയും തർക്കിക്കുകയും അടുത്ത ദിവസം പരസ്പരം ഏറ്റുപറയുകയും മാപ്പുപറയുകയും ചെയ്യുമ്പോൾ, അതിന്റെ അർത്ഥം അവർ അതുവരെയും ഐക്യത്തിൽ തികഞ്ഞവരായില്ല എന്നാണ്. "ഞാൻ" ക്രൂശിൽ ആക്കപ്പെടുകയും തങ്ങൾ ദിവ്യമഹത്വത്തിന്റെ ജീവനാൽ ജീവിക്കുകയും ചെയ്യുന്നു എന്ന ക്രൂശീകരണത്തിന്റെ വസ്തുത അവർ പൂർണ്ണമായും ഗ്രഹിക്കുന്ന ദിവസം, ആയിരിക്കും അവർ എല്ലാവരും ഐക്യത്തിൽ തികഞ്ഞവരാകുന്ന ദിവസം. ആ ദിവസം മുതൽ നാം വാദിക്കുകയോ വഴക്കിടുകയോ ചെയ്യുകയില്ല, കാരണം അവിടെ സ്വയവും അഭിപ്രായങ്ങളും ഉണ്ടായിരിക്കുകയില്ല. അപ്പോൾ നാം ഐക്യത്തിൽ തികഞ്ഞവരായിരിക്കും.

ദിവ്യമഹത്വത്തിൽ ആയിരിക്കുന്ന ഘട്ടത്തിലേക്ക് നാം വന്നിട്ടില്ലെങ്കിൽ, നാം അതുവരെയും പൂർണ്ണമായും ഐക്യത്തിൽ തികഞ്ഞവരായിട്ടില്ല. എന്നാൽ നാം ഈ ഘട്ടത്തിൽ എത്തുമ്പോൾ സംഘാതമായ മാർഗ്ഗത്തിൽ ത്രിയേകദൈവത്തെ ആവിഷ്കരിക്കുവാൻ ഐക്യത്തിൽ തികഞ്ഞവരായി, നാം ഒരുമയുടെ ഉന്നത നിലവാരത്തിൽ ആയിരിക്കും. നാം ഈ ഘട്ടത്തിൽ എത്തുമ്പോൾ, നാം എല്ലാ കാര്യവും ഉപേക്ഷിക്കുവാൻ സന്നദ്ധരായിരിക്കും. ലൗകിക ആകർഷണങ്ങൾ മാത്രമല്ല, സകല ഉപദേശങ്ങളും ചിന്താഗതികളുംകൂടെ നാം ഉപേക്ഷിക്കണം. സകലകാര്യവും നാം ഉപേക്ഷിക്കുകയും ഒരേയൊരു കാര്യത്തിന്-ത്രിയേകദൈവത്തിന്റെ മഹത്വകരമായ ആവിഷ്കാരത്തിന്-വേണ്ടി മാത്രമായിരിക്കുകയും ചെയ്യും. ഈ ആവിഷ്കാരം പുതിയ യെരുശലേമിന്റെ ഒരു ഹ്രസ്വരൂപമാണ്. പുതിയ യെരുശലേ

തിൽ ലൗകിക ആകർഷണങ്ങളോ ഉപദേശങ്ങളോ പഠിപ്പിക്കലുകളോ ചിന്താഗതികളോ അഭിപ്രായങ്ങളോ ഇല്ല. ദിവ്യആളത്തത്തിന്റെ മഹത്വപൂർണ്ണമായ ആവിഷ്കാരം മാത്രമേ അവിടെ ഉള്ളൂ. എന്നെന്നേക്കുമായി, പര്യാപ്തമായ മാർഗ്ഗത്തിൽ അവനെ ആവിഷ്കരിക്കുവാൻ നാം ആ മഹത്വത്തിൽ ആയിരിക്കും. കഴിഞ്ഞ കാലത്ത്, ചില സ്ഥലം സഭകളിൽ നാം ഈ ഘട്ടത്തിൽ എത്തി. അവന്റെ കൃപയാൽ നമുക്കും ഇന്ന് അത്തരത്തിലുള്ള ഒരു ഘട്ടത്തിൽ എത്തുവാൻ കഴിയും. ഇത്തരത്തിലുള്ള ഒരുമ, ത്രിയേകദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിലുള്ള ദിവ്യമഹത്വത്തിന്റെ യഥാർത്ഥമായ ആസ്വാദനമാണ്. ഇത്തരത്തിലുള്ള മഹത്വപൂർണ്ണമായ ഒരുമയിലേക്ക് പ്രവേശിക്കുമ്പോൾ, നാം സകല കാര്യവും, നമ്മുടെ ജീവൻപോലും നഷ്ടപ്പെടുത്തുവാൻ സന്നദ്ധരായിരിക്കും. നാം ഈ ഒരുമയിൽ ആയിരിക്കുമ്പോൾ, മറ്റെല്ലാം നിരർത്ഥകമാണ്. ശരിയായ ഒരുമയുടെ ഈ മൂന്നാമത്തെ-സംഘാതമായ മാർഗ്ഗത്തിൽ ത്രിയേകദൈവത്തെ ആവിഷ്കരിക്കുന്ന- വശം ഒരു ലക്ഷ്യമുള്ള, ഒരു നിയോഗമുള്ള ഒരുമയാണ്.

ത്രിയേകദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനുവേണ്ടി ദിവ്യമഹത്വത്തിലുള്ള ഒരുമയാണ് വിശ്വാസികളുടെ ഒരുമയുടെ മൂന്നാമത്തെ വശം. ഒരുമയുടെ ഈ വശത്ത് വിശ്വാസികൾ തങ്ങളുടെ സ്വയം പൂർണ്ണമായും ത്യജിച്ചുകൊണ്ട്, സംഘാതമായ പണിയപ്പെട്ട മാർഗ്ഗത്തിൽ ദൈവത്തെ ആവിഷ്കരിക്കുവാൻ തങ്ങളുടെ തികഞ്ഞ ഒരുമയുടെ ഘടകമായി പിതാവിന്റെ മഹത്വത്തെ ആസ്വദിക്കുന്നു. വിശ്വാസികളുടെ കെട്ടുപണിയിൽ താൻ പൂർണ്ണമായും ആവിഷ്കരിക്കപ്പെടണം, അതായത് തേജസ്കരിക്കപ്പെടണം എന്നും പുത്രന്റെ തേജസ്കരണത്തിൽ പിതാവും പൂർണ്ണമായി ആവിഷ്കരിക്കപ്പെടണം, തേജസ്കരിക്കപ്പെടണം, എന്നുമുള്ള പുത്രന്റെ പ്രാർത്ഥന നിറവേറുന്ന ദിവ്യനിയോഗത്തിന്റെ ഒരുമയാണ് ഇത്. അതുകൊണ്ട്, വിശ്വാസികളുടെ ആത്യന്തിക ഒരുമ നിത്യതയിൽ ത്രിയേകദൈവത്തെ ആവിഷ്കരിക്കുവാൻ നിത്യജീവനിലും(പിതാവിന്റെ നാമത്തിലും) വിശുദ്ധ വചനത്താലും ദിവ്യമഹത്വത്തിലും ആണ്.

### *4. ഒരുമ നിറവേറ്റുന്നതിന്, വിശ്വാസികളെ കെട്ടുപണി ചെയ്യുന്നതിന്, പിതാവ് പുത്രനു നൽകിയിരിക്കുന്ന ആറു കാര്യങ്ങൾ*

പുത്രൻ ഈ ഒരുമ നിറവേറ്റുന്നതിന്, പിതാവ് അവന് ആറു കാര്യങ്ങൾ നൽകിയിരിക്കുന്നു: അധികാരം(വാ.2),വിശ്വാസികൾ (വാ.2,6,7,24),പ്രവൃത്തി(വാ.4),വചനങ്ങൾ(വാ.8),പിതാവിന്റെ നാമം (വാ.11,12),പിതാവിന്റെ മഹത്വം(വാ.24). പുത്രന് ഇത്തരം ഒരുമ തികയ്ക്കുന്നതിന് പിതാവ് ഈ എല്ലാ കാര്യങ്ങളും അവന് നൽകിയി

രിക്കുന്നു.

### 5. പിതാവിന്റെ സ്നേഹം

“നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിയുവാൻ,” എന്ന് 23-ാം വാക്യത്തിന്റെ ആദ്യഭാഗം പറയുന്നു. പുത്രനോടും പുത്രന്റെ വിശ്വാസികളോടും കാണിച്ചിരിക്കുന്ന പിതാവിന്റെ സ്നേഹം നാം ഇവിടെ കാണുന്നു. പിതാവ് പുത്രനെ സ്നേഹിക്കുകയും ആതിൽ, തന്നെ ആവിഷ്കരിക്കുവാൻ തന്റെ ജീവനും തന്റെ പ്രകൃതവും തന്റെ നിറവും തന്റെ മഹത്വവും അവൻ പുത്രനു നൽകുകയും ചെയ്തിരിക്കുന്നു. എന്തൊരു സ്നേഹമാണിത്! ഇതേ രീതിയിൽ പുത്രനിൽ അവനെ ആവിഷ്കരിക്കേണ്ടതിന് അവന്റെ ജീവനും പ്രകൃതവും അവന്റെ മഹത്വവും നൽകികൊണ്ട്, പിതാവ് പുത്രന്റെ വിശ്വാസികളെയും സ്നേഹിച്ചു. ഇത് സ്നേഹത്തിന്റെയും അതുപോലെതന്നെ മഹത്വത്തിന്റെയും കഥയാണ്. ഈ സ്നേഹത്തെ, അവനെ ആവിഷ്കരിക്കുവാൻ പിതാവിന്റെ ജീവനും പ്രകൃതവും നിറവും മഹത്വവും നമുക്ക് നൽകിയിരിക്കുന്ന സ്നേഹത്തെ, നമ്മിൽ പലരും വിലമതിക്കുന്നില്ല. ഇതാണ് യഥാർത്ഥ സ്നേഹം. ഇത് മറ്റെന്തിനെക്കാളും ഏറെ മെച്ചവും ഉന്നതവും ആണ്.

### 6. പുത്രൻ ഇരിക്കുന്നിടത്ത് അവനോടുകൂടെ വിശ്വാസികളും ഇരിക്കേണ്ടതിന്

“പിതാവേ, നീ ലോകസ്ഥാപനത്തിനു മുമ്പെ എന്നെ സ്നേഹിച്ചിരിക്കകൊണ്ട് എനിക്ക് നൽകിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ഇരിക്കണം എന്നു ഞാൻ ഇച്ഛിക്കുന്നു,” എന്ന് 24-ാം വാക്യം പറയുന്നു. പിതാവിന്റെ ആവിഷ്കാരത്തിനുവേണ്ടി പുത്രൻ ദിവ്യമഹത്വത്തിലാണ്. അതുകൊണ്ട്, പുത്രന്റെ വിശ്വാസികൾ അവൻ ആയിരിക്കുന്ന ഇടത്ത് അവനോടുകൂടെ ആയിരിക്കണമെങ്കിൽ, പിതാവിനെ ആവിഷ്കരിക്കുവാൻ ദിവ്യമഹത്വത്തിൽ അവരും അവനോടൊപ്പം ആയിരിക്കണം. ഇതിന്റെ നിറവേറൽ, പുത്രന്റെ പുനരുത്ഥാനത്തോടൊപ്പം അവൻ തന്റെ വിശ്വാസികളെ അവന്റെ പുനരുത്ഥാനജീവനിൽ പങ്കാളിത്തം വഹിക്കുവാൻ കൊണ്ടുവന്നപ്പോൾ ആരംഭിച്ചു. അത് പുതിയ യെരുശലേമിൽ, അവന്റെ വിശ്വാസികളെ പൂർണ്ണമായും നിത്യതയിൽ ത്രിയേകദൈവത്തിന്റെ ആത്യന്തികമായ സംഘാത ആവിഷ്കാരത്തിനുവേണ്ടി ദിവ്യമഹത്വത്തിലേക്ക് കൊണ്ടുവരുമ്പോൾ പരിണതി പ്രാപിക്കും.

പുത്രൻ ആയിരിക്കുന്ന ഇടത്താണ് നാമും. പുത്രൻ പിതാവിലാണ്, നാമും പിതാവിലാണ്. പുത്രൻ പിതാവിന്റെ മഹത്വത്തിലാണ്, നാമും

പിതാവിന്റെ മഹത്വത്തിലാണ്. അവൻ ആയിരിക്കുന്ന ഇടത്തുതന്നെ അവനുമായി പിതാവിനെ ആവിഷ്കരിച്ചുകൊണ്ട് പിതാവിന്റെ ജീവനിലും സ്വഭാവത്തിലും നിറവിലും മഹത്വത്തിലും നമുക്ക് പങ്കെടുക്കത്തക്കവണ്ണം പുത്രൻ മരണപുനരുത്ഥാനങ്ങളിലൂടെ കടന്നുപോയി. ഇത് അത്ഭുതകരമാണ്! പിതാവിന്റെ ആവിഷ്കാരത്തിനുവേണ്ടി പുത്രൻ മഹത്വത്തിലാണ്. വിശ്വാസികളും നിത്യതയിൽ ത്രിയേകദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനുവേണ്ടി മഹത്വത്തിൽ ആയിരിക്കും. സ്വർഗ്ഗത്തിലേക്ക് പോകുന്നതിനെക്കാൾ എനിക്ക് ഇത് മഹത്തരമാണ്. ഒടുവിൽ, പുതിയ യെരുശലേം സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരും(വെളി. 21:2). ഒരു ഒഴിഞ്ഞ സ്വർഗ്ഗത്തിൽ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല; ത്രിയേകദൈവത്തിന്റെ മഹത്വപൂർണ്ണമായ സംഘാത ആവിഷ്കാരത്തിൽ, പുതിയ യെരുശലേമിൽ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

## III. പുത്രനെയും അവന്റെ വിശ്വാസികളെയും സ്നേഹിക്കുന്നതിൽ പിതാവ് നീതിയുള്ളവൻ ആണ്

“നീതിയുള്ള പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല, ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നു ഇവരും അറിഞ്ഞിരിക്കുന്നു. നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്ക് വെളിപ്പെടുത്തിയിരിക്കുന്നു, ഇനിയും വെളിപ്പെടുത്തും,”എന്ന് 25-ഉം 26-ഉം വാക്യങ്ങളിൽ കർത്താവ് പ്രാർത്ഥിച്ചു. ലോകം പിതാവിനെ അറിയുകയോ അവനെ അറിയുവാൻ ആഗ്രഹിക്കുകയോ ചെയ്യുന്നില്ല, എന്നാൽ പുത്രനും പുത്രന്റെ വിശ്വാസികളും അതു ചെയ്യുന്നു. അവന്റെ മഹത്വം പുത്രനും അവന്റെ വിശ്വാസികൾക്കും നൽകിക്കൊണ്ട്, പുത്രനെയും അവന്റെ വിശ്വാസികളെയും സ്നേഹിക്കുന്നതിൽ പിതാവ് നീതിയുള്ളവനാണ്. പുത്രന്റെ വിശ്വാസികളെ വിശുദ്ധീകരിക്കുന്നതിൽ, പിതാവ് പരിശുദ്ധനാണ്(വാ.11), പുത്രനെയും അവന്റെ വിശ്വാസികളെയും സ്നേഹിക്കുന്നതിലും, പുത്രനും അവന്റെ വിശ്വാസികൾക്കും അവന്റെ മഹത്വം നൽകുന്നതിലും പിതാവ് നീതിയുള്ളവനാണ്. പിതാവ് ലൗകിക ജനത്തിന്, ജീവനെ സംബന്ധിച്ച് ഒന്നും വെളിപ്പെടുത്തിക്കൊടുക്കുകയില്ല, കാരണം അവർ പിതാവിനെ അറിയുന്നില്ല, എന്നിരുന്നാലും, പിതാവ് ജീവനെ സംബന്ധിച്ച് സകല കാര്യവും കർത്താവായ യേശുവിനും അവന്റെ വിശ്വാസികൾക്കും വെളിപ്പെടുത്തിയിരിക്കുന്നു, കാരണം കർത്താവും അവന്റെ വിശ്വാസികളും പിതാവിനെ അറിയുന്നു. അതുകൊണ്ട്,

പിതാവ് തന്റെ വിവേചനത്തിൽ നീതമാനാണ്. അവന്റെ നീതിയുള്ള ന്യായവിധിയിൽ ജീവന്റെ കാര്യങ്ങൾ അവൻ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. ഇക്കാര്യത്തിൽ ദൈവം നീതിയുള്ളവനാണ്.

പുത്രനും വിശ്വാസികളും അവനെ ആവിഷ്കരിക്കേണ്ടതിന് പുത്രനും പുത്രന്റെ വിശ്വാസികൾക്കും അവന്റെ ജീവനും മഹത്വവും നൽകുന്നതിലുള്ള പിതാവിന്റെ സ്നേഹമാണ് 26-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന സ്നേഹം. പുത്രൻ അവന്റെ വിശ്വാസികളിൽ വസിക്കുന്നതോടൊപ്പം, ഈ സ്നേഹവും അവരിൽ വസിക്കുകയും, അവർ പിതാവിന്റെ നാമത്തെ അറിയുന്നതിലൂടെയും, പുത്രനോടുള്ള പിതാവിന്റെ സ്നേഹം തിരിച്ചറിയുന്നതിലൂടെയും, പുത്രനോടൊപ്പം വസിക്കുന്നതിലൂടെയും, ഈ സ്നേഹത്തെ എല്ലായ്പ്പോഴും അനുഭവിക്കുകയും ചെയ്യേണ്ടതിനായും പുത്രൻ പ്രാർത്ഥിക്കുന്നു.